# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4009 27.6.2012-ൽ മറുപടിയ്ക്ക്

### മീനാട് ശുദ്ധജല പദ്ധതി

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന മീനാട് ശുദ്ധജല പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി അറിയിക്കുമോ; | (എ) | മീനാട് ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ 297 കിലോമീറ്റർ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതിൽ 257 കിലോമീറ്റർ സ്ഥാപിച്ചു. എങ്കിലും പല സ്ഥലങ്ങളിലും പൈപ്പുകൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതുണ്ട്. കോൺട്രാക്ടർ കരാറിൽ വീഴ്ച വരുത്തിയതിനാൽ മുൻ കരാർ അവസാനിപ്പിക്കുകയും പുതിയ കരാർ 18.6.2012-ൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭാഗികമായി കമ്മീഷൻ ചെയ്ത പ്രസ്തുത പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് കണക്ഷൻ നൽകിയെന്ന് അറിയിക്കുമോ; ഇത് ഏത് ഗ്രാമപഞ്ചായത്തിലാണ് നൽകിയിട്ടുള്ളത്; | (ബി) | ഈ പദ്ധതിയിൽ നിന്നും 178 ഗാർഹിക വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ചാത്തന്നൂർ പഞ്ചായത്തിൽ 164, കരവാളൂർ പഞ്ചായത്തിൽ 14. |
| (സി) | കണക്ഷൻ നൽകുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിലേക്ക് ഗുണഭോക്താവിൽ നിന്നും എത്ര രൂപ ഈടാക്കുന്നു | (സി) | ചാത്തന്നൂർ, കരവാളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ റിസർ വോയറിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ഏകദേശം 16 കിലോമീറ്റർ വിതരണ |

| | | | |
|---|---|---|---|
| | ണ്ടെന്ന് വ്യക്തമാക്കുമോ; | | പൈപ്പ് ലൈനുകളിൽ നിന്നുമാണ് ഇപ്പോൾ വാട്ടർ കണക്ഷൻ നല്കിവരുന്നത്. അതിനുള്ള അപേക്ഷ ലൈസൻസുള്ള പ്ലംബർ മുഖേന വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട പി.എച്ച്. മെയിന്റനൻസ് സബ് ഡിവിഷൻ ആഫീസിലാണ് നല്കേണ്ടത്. പൈപ്പ് ലൈനിൽനിന്നും 5 മീറ്റർവരെ ദൂരത്തിലുള്ള ഗാർഹിക കണക്ഷൻ എടുക്കുന്നതിന് ഏകദേശം 5500/- രൂപ ഉപഭോക്താവിന് ചിലവ് വരും. 5 മീറ്ററിൽ അധികമായി വരുന്ന ഓരോ മീറ്ററിനും 75 രൂപാ നിരക്കിൽ ചെലവ് വരും. |
| (ഡി) | കണക്ഷൻ നൽകുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്? ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | വാട്ടർ കണക്ഷൻ നല്കുവാൻ അതാത് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന വാട്ടർ അതോറിറ്റിയുടെ പി.എച്ച് മെയിന്റനൻസ് സബ് ഡിവിഷനുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (പി.എച്ച് മെയിന്റനൻസ് സബ് ഡിവിഷൻസ്, പുനലൂർ, കടയ്ക്കൽ, കൊട്ടാരക്കര, കൊല്ലം, എന്നിവ) വാട്ടർ അതോറിറ്റിയിൽ ലൈസൻസുള്ള പ്ലംബർമാർ വഴിയാണ് അപേക്ഷിക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ